48164/11
നം.വൈ2/~~34536/11~~/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 29.7.2011.

## സർക്കുലർ

വിഷയം:- 2010-2011 വർഷത്തെ മികച്ച പി.ടി.എ. തെരഞ്ഞെടുക്കൽ - സംബന്ധിച്ച്

സൂചന:-ജി.ഒ.(ആർ.റ്റി) നം.411/2011/പൊ.വി. തീയതി, 29.1.11

സംസ്ഥാനത്തെ മികച്ച സർക്കാർ എയിഡഡ് സ്കൂൾ പി.ടി.എ.കളെ കണ്ടെത്തി ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂജില്ല, സംസ്ഥനതലത്തിൽ ഗ്രേഡ് നൽകുന്നതിനും പ്രോത്സാഹന സഹായം നൽകുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അവാർഡിന് പരിഗണിക്കുന്നത് താഴെപ്പറയുന്ന പ്രകാരമായിരിക്കും.

ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളെയാണ് അവാർഡിനായി പരിഗണിക്കുന്നത്. പ്രൈമറി, സെക്കണ്ടറി എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾക്കായി അവാർഡുകൾ ഉണ്ടായിരിക്കും. ടി.ടി.ഐ.കളെ പ്രൈമറി വിഭാഗത്തിലും ടി.എച്ച്.എസ്., ഫിഷറീസ് സ്കൂൾ, ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയെ സെക്കണ്ടറി വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രൈമറി തലത്തിൽ 163 സബ് ജില്ലകളിലെ ഓരോ സബ് ജില്ലകളിലെയും ഏറ്റവും മികച്ച പി.ടി.എ.ക്ക് 10,000/- രൂപ വീതം നൽകുന്നതാണ്. . ഈ വിഭാഗത്തിൽ പ്രൈമറി സ്കൂളുകളെ മാത്രമായിരിക്കും പരിഗണിക്കുക. സെക്കണ്ടറി വിഭാഗത്തിൽ 38 വിദ്യാഭ്യാസ ജില്ലകളിലെ ഓരോ വിദ്യാഭ്യാസ ജില്ലകളിലെയും മികച്ച പി.ടി.എ.ക്ക് 25,000/- രൂപ വീതം നൽകുന്നതാണ്.

റവന്യൂ ജില്ലാ തലത്തിൽ പ്രൈമറി വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 30,000/- രൂപയും 20,000/- രൂപയും നൽകുന്നതാണ്. ഇതേ രീതിയിൽ സെക്കണ്ടറി വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് 30,000/- രൂപയും 20,000/- രൂപയും നൽകുന്നതാണ്. പ്രൈമറി വിഭാഗത്തിൽ മത്സരിക്കേണ്ടത് സബ് ജില്ലകളിൽ നിന്ന് എ ഗ്രേഡ് ലഭിച്ച് സ്കോർ കൂടിയ ഒരു പി.ടി.എ. ആയിരിക്കും.

സെക്കണ്ടറി വിഭാഗത്തിൽ വിദ്യാഭ്യാസ ജില്ലകളിൽ നിന്ന് എ ഗ്രേഡ് ലഭിച്ച് സ്കോർ കൂടിയ രണ്ട് പി.ടി.എ.ക്ക് മത്സരിക്കാവുന്നതാണ്. റവന്യൂ ജില്ലയിൽ എ ഗ്രേഡും ഒന്നും രണ്ടും സ്ഥാനവും ലഭിക്കുന്ന പ്രൈമറി സെക്കണ്ടറി വിഭാഗങ്ങളിലെ പി.ടി.എ.കൾക്ക് സംസ്ഥാനതല മത്സരത്തിന് യോഗ്യത ഉണ്ടായിരിക്കും.

മെച്ചപ്പെട്ട പി.ടി.എ.കളെ 5 ഗ്രേഡുകളായി തിരിക്കണം. (എ, ബി, സി,ഡി,ഇ.) എ ഗ്രേഡ് ലഭിക്കാത്ത പി.ടി.എ.കൾ റവന്യൂ ജില്ല സംസ്ഥാന തലങ്ങളിൽ മത്സരിക്കേണ്ടതില്ല.

സംസ്ഥാനതലത്തിൽ പ്രൈമറി സെക്കണ്ടറി വിഭാഗങ്ങളിൽ 5 സ്ഥാനങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം പ്രോത്സാഹന സഹായം നൽകുന്നതാണ്.

ഒന്നാം സ്ഥാനം 2,50,000/-രൂപ വീതം ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്.

രണ്ടാം സ്ഥാനം 2,00,000/- രൂപ വീതം ”

മൂന്നാം സ്ഥാനം 1,50,000/- രൂപ വീതം ”

നാലാം സ്ഥാനം 1,00,000/- രൂപ വീതം ”

അഞ്ചാം സ്ഥാനം 50,000/- രൂപ വീതം ”

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന പി.ടി.എ.കൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രൊഫോർമയിൽ ഓൺലൈനായി എൻട്രികൾ വരുത്തി പ്രിന്റ് എടുത്ത് ഒപ്പിട്ട് അനുബന്ധ രേഖകൾ സഹിതം

(ഫോട്ടോ സർട്ടിഫിക്കറ്റിന്റെ കോപ്പി, സി.ഡി. മുതലായവ) സബ്ജില്ലാതലത്തിൽ എ.ഇ.ഒ.മാർക്കും വിദ്യാഭ്യാസ ജില്ലാ തലത്തിൽ ഡി.ഇ.ഒ.മാർക്കും അയച്ചുകൊടുക്കേണ്ടതാണ്. (വെബ് സൈറ്റ് Edn.kerala.gov.in)

സബ്ജില്ലയിൽ ഒന്നാം സ്ഥാനവും ' എ ഗ്രേഡും ലഭിക്കുന്ന പി.ടി.എ.കളുടെയും വിദ്യാഭ്യാസ ജില്ലാതലത്തിൽ 'എ ഗ്രേഡും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന പി.ടി.എ.കളുടെയും ബന്ധപ്പെട്ട രേഖകൾ റവന്യൂ ജില്ലാ തല മത്സരത്തിനായി അതാതു ഡി.ഡി.ഇ.മാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. റവന്യൂജില്ലാതലത്തിൽ 'എ ഗ്രേഡും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ച പ്രൈമറി, സെക്കണ്ടറി പി.ടി.എ.കളുടെ രേഖകൾ സംസ്ഥാനതല മത്സരത്തിനായി അഡീഷണൽ ഡയറക്ടർ ജനറലിനും 20/8/2011 5 പി.എം.നു മുൻപ് നേരിട്ട് എത്തിച്ചു കൊടുക്കേണ്ടതാണ്.

പ്രൊഫോർമയിലെ എല്ലാ കോളങ്ങളിലും പൂരിപ്പിച്ച് ഓൺലൈനായി നൽകുന്നതോടൊപ്പം അവാർഡ് നിർണ്ണയ സമിതി സ്കൂൾ സന്ദർശിക്കുന്ന വേളയിൽ പരിശോധനയ്ക്കായി ഈ രേഖകൾ നൽകേണ്ടതാണ്.

മികച്ച പി.ടി.എ.കളെ തെരഞ്ഞെടുക്കുന്നതിനായി താഴെപ്പറയുന്ന പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1. സബ്ജില്ല

എ.ഇ.ഒ.കൺവീനറായ കമ്മിറ്റിയിൽ സബ്ജില്ലാ ചുമതലയുള്ള ഒരു ഡയറ്റ് ഫാക്കൽറ്റി, തദ്ദേശസ്വയംഭരണ പ്രതിനിധി (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ) എന്നിവർ അംഗങ്ങളായിരിക്കും.

2. വിദ്യാഭ്യാസ ജില്ല

ഡി.ഇ.ഒ.കൺവീനറായ കമ്മിറ്റിയിൽ ഒരു ജില്ലാ പ്രോഗ്രാം ഓഫീസർ (എസ്.എസ്.എ) ഡയറ്റ് പ്രിൻസിപ്പൽ അല്ലെങ്കിൽ ഡയറ്റ് പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന ഒരു ഫാക്കൽറ്റി അംഗം ജില്ലാ പഞ്ചായത്ത് അംഗം/മുൻസിപ്പൽ കോർപ്പേറഷൻ കൗൺസിലർ.

2. ജില്ലാ തലം

ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായ കമ്മിറ്റിയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും ഡയറ്റ് പ്രിൻസിപ്പൽ, ജില്ലാ പ്രോജക്ട് ഓഫീസർ (എസ്.എസ്.എ) എച്ച്.എസ്.എസ്. റീജിയനൽ ഡയറക്ടർ, വി.എച്ച്.എസ്.ഇ.ജോയിന്റ് ഡയറക്ടർ എന്നിവരും തദ്ദേശം ഉൾക്കൊള്ളുന്ന ഡി.ഇ.ഒ., എ.ഇ.ഒ., ഡി.പി.ഒ. എന്നിവർ അംഗങ്ങളുമായിരിക്കും.

3. സംസ്ഥാന തലം

വിദ്യാഭ്യാസ മന്ത്രി ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി കൺവീനറും പൊതുവിദ്യാഭ്യാസം, സീമാറ്റ്, എസ്.സി.ഇ.ആർടി, എസ്.എസ്.എ., എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ എന്നിവയുടെ ഡയറക്ടർമാർ അംഗങ്ങളുമായ കമ്മിറ്റി ആയിരിക്കും സംസ്ഥാനത്തെ മികച്ച സ്കൂൾ പി.ടി.എ.കളെ തെരഞ്ഞെടുക്കുന്നത്.

അവാർഡിനായി 2010-2011 വർഷമായിരിക്കും പരിഗണിക്കുക. 31.3.2011 വരെയുള്ള പ്രവർത്തനം ആയിരിക്കും വിലയിരുത്തുക. ഗവൺമെന്റ് എയിഡഡ് സ്കൂളുകൾ ഒരുമിച്ച് മത്സരിക്കേണ്ടതാണ്. അവാർഡ് നിർണയത്തിനായുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

(1) പ്രൊഫോർമയിൽ ഓൺലൈനായി എൻട്രികൾ വരുത്തി പ്രിന്റ് എടുത്ത് ഒപ്പിട്ട് അനുബന്ധ രേഖകൾ സഹിതം
(എ) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി - 10/8/2011 5 പി.എം.
(ബി) ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി - 10/8/2011 5 പി.എം.
(2) ഉപജില്ലാതലത്തിൽ എൻട്രികൾ പരിശോധിച്ച് ഒരു മികച്ച പ്രൈമറി സ്ക്കൂൾ പി.റ്റി.എ. തെരഞ്ഞെടുക്കേണ്ട അവസാന തീയതി - 12/8/2011 5 പി.എം.
(3) വിദ്യാഭ്യാസ ജില്ലാതലത്തിൽ എൻട്രികൾ പരിശോധിച്ച് മികച്ച സെക്കണ്ടറി സ്ക്കൂൾ പി.റ്റി.എ. തെരഞ്ഞെടുക്കേണ്ട അവസാന തീയതി - 12/8/2011.
(4) റവന്യൂ ജില്ലാതലത്തിൽ പ്രൈമറി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാനിക്കേണ്ട അവസാന തീയതി - 18/8/2011 5 പി.എം.
(5) റവന്യൂ ജില്ലാതലത്തിൽ സെക്കണ്ടറി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാനിക്കേണ്ട അവസാന തീയതി - 18/8/2011 5 പി.എം.
(6) റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ (പ്രൈമറി/സെക്കണ്ടറി))വിഭാഗങ്ങൾ വിദ്യാഭ്യാസ ഡയറക്ടർക്ക് എത്തിക്കേണ്ട അവസാന തീയതി - 20/8/2011 5 പി.എം.

സംസ്ഥാനതല അവാർഡുകൾ 5/9/2011-ന് മലപ്പുറത്തു വച്ചു നടക്കുന്ന ദേശീയ അദ്ധ്യാപക ദിന അവാർഡു വിതരണ ചടങ്ങിനോടനുബന്ധിച്ച് വിതരണം ചെയ്യുന്നതാണ്. സബ്ജില്ല/ജില്ല/റവന്യൂ ജില്ലാ അവാർഡുകൾ അതാതു ജില്ലകളിൽ വച്ചു നടത്തുന്ന റ്റി.റ്റി.ഐ/പി.പി.റ്റി.റ്റി.ഐ കലോത്സവത്തോടനുബന്ധിച്ച് നടക്കുന്ന ചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നതാണ്.

ശുപാർശകൾ കൃത്യസമയത്ത് തന്നെ ഈ ആഫീസിൽ എത്തിക്കാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ പ്രത്യേകം താല്പര്യം കാണിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ലിസ്റ്റ് ലഭിക്കാതെ വന്നാൽ അത്തരം ജില്ലകളിലെ സ്ക്കൂളുകൾ പരിഗണിക്കപ്പെടാതിരിക്കാൻ സാദ്ധ്യതയുണ്ടെന്ന് കൂടി അറിയിക്കുന്നു.

സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച പി.ടി.എ. പ്രവർത്തിക്കുന്ന സ്കൂളുകളെക്കുറിച്ചുള്ള ഡോക്കുമെന്ററികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം നടത്തുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.